(എ) സംസ്ഥാനത്ത് സ്ത്രീപീഡനങ്ങളും പീഡനത്തെ തുടർന്നുള്ള ആത്മഹത്യകളും വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്ത്രീപീഡനകേസുകളിലെ കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനും അവർക്ക് ശിക്ഷ ലഭിക്കുന്നതിനും പോലീസ് വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) സ്ത്രീകളെയും, കുട്ടികളെയും തട്ടിക്കൊണ്ടുപോകുകയും അവരെ കൊലപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു തടയുന്നതിനും കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചില ജില്ലകളിൽ സ്ത്രീപീഡനങ്ങളും പീഡനത്തെ തുടർന്നുള്ള ആത്മഹത്യകളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ത്രീപീഡനം നടത്തുന്നവർക്ക് പരമാവധി ശിക്ഷ ലഭ്യമാക്കുംവിധം നിയമനടപടികൾ കൈക്കൊണ്ടുപോരുന്നുണ്ട്. ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന ആക്ഷേപം ഉണ്ടാകുന്ന അവസരങ്ങളിൽ ക്രൈംബ്രാഞ്ചിനെക്കൊണ്ടോ, പ്രത്യേക അന്വേഷണസംഘങ്ങളെ നിയോഗിച്ചോ അന്വേഷണം നടത്തുന്നതാണ്.

(സി) ഇല്ല.

(ഡി) സ്ത്രീകളെയും കുട്ടികളെയും തട്ടിക്കൊണ്ടുപോകുകയോ കൊലപ്പെടുത്തുകയോ ചെയ്യുന്ന സംഭവങ്ങൾ റിപ്പോർട്ടായാൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് കുറ്റവാളികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് നിലവിലുള്ള നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

ജയിലിലടയ്ക്കപ്പെട്ട സ്ത്രീകൾ

28 [2458] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്ത് നടന്ന വിവിധ പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത എത്ര സ്ത്രീകളെയും പെൺകുട്ടികളെയും അറസ്റ്റ് ചെയ്യുകയും ജയിലിലടയ്ക്കുകയും ചെയ്തുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ജീവനക്കാരുടെ 32 ദിവസത്തെ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് എത്ര വനിതാ ജീവനക്കാരെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 653 സ്ത്രീകളെയും (ഒരു വിദ്യാർത്ഥിനിയുൾപ്പെടെ) അവരോടൊപ്പമുണ്ടായിരുന്ന 5 വയസ്സിനു താഴെയുള്ള 175 കുട്ടികളെയും ഇക്കാലയളവിൽ ജയിലിൽ പാർപ്പിച്ചിട്ടുണ്ട്.

(ബി) 29 വനിതാ ജീവനക്കാരെ ജയിലിലടയ്ക്കുകയുണ്ടായിട്ടുണ്ട്.

തടവുകാരെ കോടതിയിൽ കൊണ്ടുപോകുമ്പോൾ അനുവദിച്ചിട്ടുള്ള ഭക്ഷണതുക

29 [2459] *ശ്രീ. പി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജയിലുകളിലുള്ള ജീവപര്യന്തം തടവുകാരുടെയും മറ്റു തടവുകാരുടെയും എണ്ണം എത്രയാണെന്നു വിശദമാക്കുമോ;

(ബി) റിമാണ്ടിലും ശിക്ഷയിലും കഴിയുന്ന തടവുകാരെ കോടതിയിലും മറ്റും ഹാജരാക്കാൻ കൊണ്ടുപോകുമ്പോൾ ഇവർക്ക് അനുവദിച്ചിട്ടുള്ള ഭക്ഷണതുക എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഇപ്പോൾ നൽകുന്ന തുക ഏത് വർഷം മുതൽ നിശ്ചയിച്ചതാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1-7-2005-ലെ കണക്കനുസരിച്ച് ജീവപര്യന്തം തടവുകാർ 1309-ഉം മറ്റു തടവുകാർ 5303-ഉം ആകുന്നു.

(ബി) സാധാരണ വിചാരണത്തടവുകാർക്കും സിവിൽ തടവുകാർക്കും 'സി' ക്ലാസ്സ് തടവുകാർക്കും 18 രൂപ നിരക്കിലും 'എ', 'ബി', സ്പെഷ്യൽ ക്ലാസ്സ്, കോഫേപോസ തുടങ്ങിയ തടവുകാർക്ക് 21 രൂപയുമാണ് നൽകുന്നത്.

(സി) 1-10-1997-ലെ ജി.ഒ.(എംഎസ്.) 253/97/ആഭ്യന്തരം എന്ന ഉത്തരവു പ്രകാരം പരിഷ്കരിച്ച തുകയാണ് ഇപ്പോൾ നൽകിവരുന്നത്.

(ഡി) & (ഇ) ഉണ്ട്. ഇതു സംബന്ധിച്ച ശുപാർശകൾ ഗവൺമെന്റ് പരിശോധിച്ചു വരുന്നു.

GPM. 2/588/2012—10

LIBRARY ARCHIVES Kerala Legislative Assembly